# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 18, തിങ്കള്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 311)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി | 3243 മുതല്‍ 3337 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 3338 മുതല്‍ 3383 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 3384 മുതല്‍ 3452 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 3453 മുതല്‍ 3553 വരെ |

## കേന്ദ്രാവിഷ്കൃത പദ്ധതികള്‍

3243 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നടപ്പ് സാമ്പത്തിക വര്‍ഷം കോന്ദ്രാവിഷ്കൃത പദ്ധതികള്‍ക്കായി സംസ്ഥാനത്ത് ചെലവഴിക്കേണ്ടിയിരുന്ന തുകയില്‍ കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) തന്നാണ്ടില്‍ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളില്‍ എന്തു തുക വീതം സംസ്ഥാനത്തിന് അര്‍ഹതയുണ്ടായിരുന്നു; യഥാര്‍ത്ഥത്തില്‍ ലഭിച്ചതെത്ര; വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളില്‍ ഇതേ വരെ സംസ്ഥാനത്ത് നടപ്പിലാക്കാത്തവ ഏതൊക്കെയാണ്;

(ഡി) പൂര്‍ണ്ണമായും നടപ്പിലാക്കാന്‍ സാധിച്ചിട്ടില്ലാത്ത പദ്ധതികള്‍ ഏതൊക്കെ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

2013–14 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അടങ്കൽ

3244 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അടങ്കലിന് പ്ലാനിംഗ് ബോർഡ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്ത് തുകയാണ് വാർഷിക പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് അടങ്കലിൽ വരുത്തിയിട്ടുള്ളത്;

(ഡി) ഏതെല്ലാം മേഖലകൾക്ക് പ്രാമുഖ്യം നൽകിയാണ് വാർഷിക പദ്ധതി രൂപീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വന്‍കിട പദ്ധതികള്‍ക്ക് ക്യാപിറ്റല്‍ ഡവലപ്മെന്റ് ഫണ്ട്

3245 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോര്‍ക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വന്‍കിട പദ്ധതികള്‍ക്ക് ക്യാപിറ്റല്‍ ഡവലപ്മെന്റ് ഫണ്ടിന് രൂപം നല്‍കാന്‍ പ്ലാനിംഗ് ബോര്‍ഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) പദ്ധതികള്‍ക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള ചുമതല ആര്‍ക്കാണ് നല്‍കിയിരിക്കുന്നത്;

(ഡി) വന്‍കിട പദ്ധതികള്‍ക്ക് ഭൂമി ഏറ്റെടുക്കുന്നതിനും മറ്റ് കാര്യങ്ങള്‍ക്കുമുള്ള തുക എങ്ങനെയാണ് അനുവദിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതികൾ</u>

3246 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്ന പ്രദേശിക വികസനത്തിനുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2012-13ൽ അനുവദിച്ച തുക എത്രയാണ്; എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

3247

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോട്ടയം ജില്ലയിലും വൈക്കം നിയോജക മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പ് മുഖാന്തിരം പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമവികസന വകുപ്പു മുഖാന്തിരം പണിയുന്ന റോഡുകൾക്കും പാലങ്ങൾക്കുമുള്ള മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റ് അനുവദിയ്ക്കുന്ന ഫണ്ടിൽ നിന്നാണോ ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ജനശ്രീ-ഭീമ യോജന പദ്ധതി</u>

T3248 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരഭമായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ജനശ്രീ ഭീമ യോജന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് കേന്ദ്ര വിഹിതം ലഭ്യമായിട്ടുളളത്; ഇത് ഏതൊക്കെ പരിപാടികൾക്കായി ആണ് വിനിയോഗിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കി വച്ച സംസ്ഥാന വിഹിതം എത്രയെന്ന് പറയാമോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പുവർഷം നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സ്വപ്നസാഫല്യം പദ്ധതി</u>

3249 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

സ്വപ്നസാഫല്യം പദ്ധതി പദ്ധതി പ്രകാരം എത്ര പേര്‍ ഗുണഭോക്താക്കളായിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ഉല്പാദന മേഖലയ്ക്ക് തുക</u>

3250 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉല്പാദന മേഖലയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകളിൽ ആകെ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) 2013 ജനുവരി 31 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്നുള്ള ശതമാന കണക്ക് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കോതമംഗലത്ത് വികസനപരിശീലന കേന്ദ്രം</u>

3251 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ -ഇറ്റി.സി) കോതമംഗലത്ത് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലുള്ളവർക്കു ഗുണകരമാകുന്ന ഈ ട്രെയിനിംഗ് സെന്റർ അനുവദിക്കുന്നതിൽ കാലതാമസം ഇല്ലാതെ സ്ഥാപിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ബി. പി. ഒ. നിയമനം

3252 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ സ്വതന്ത്ര ചുമതലയുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ ബി. ഡി. ഒ. മാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്;

(സി) ബി. ഡി. ഒ. മാർക്ക് ബി. പി. ഒ. മാരുടെ അധിക ചുമതല നൽകിയതുകാരണം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന വേഗത കുറയുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാ ബ്ലോക്കുകളിലും സ്വതന്ത്ര ചുമതലയുള്ള ബി. പി. ഒ. മാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളിലെ അക്കൗണ്ടന്റ് തസ്തികകൾ</u>

3253 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) തസ്തികകൾ എന്ന് അനുവദിക്കാനാകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിലെ ഫീൽഡ് സ്റ്റാഫിന്റെ
ശമ്പള പരിഷ്കരണ അനോമലികൾ

3254 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികൾ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് കക ന്റെ പരിശീലന കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വി.ഇ.ഒ ഗ്രേഡ് കക തസ്തികയുടെ അടിസ്ഥാന യോഗ്യത ബിരുദമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വി. ഇ.ഒ മാരുടെ പ്രമോഷന്റെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടി

3255 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി. പി. ഒ.) തസ്തിക സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികയിൽ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (എം. എസ്.ഡബ്ല്യു) യോഗ്യതയുള്ള വി. ഇ.ഒ മാർക്ക് 10% സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വി. ഇ.ഒ മാരെ തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഓഫീസറായി നിയമിക്കുന്നതിനും ഇവർക്ക് യാത്രാ ബത്ത നൽകുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഗ്രാമപഞ്ചായത്ത് തല ദാരിദ്ര്യലഘൂകരണയുണിറ്റുകളായി (പി. എ. യു) ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ഗ്രാമവികസന വകുപ്പിലെ വിവിധ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റും പ്രൊമോഷനും യഥാസമയങ്ങളിൽ നടക്കുമ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് കക തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിലും ഗ്രേഡ് ക ആയി പ്രൊമോഷൻ നൽകുന്നതിനും മനപൂർവ്വമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വി. ഇ. ഒ. ഗ്രേഡ് ക തസ്തികയിലേക്ക് ഉദ്യോഗകയറ്റം

3256 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിൽ 2013 ജനവരി 31-ന് വി. ഇ.ഒ ഗ്രേഡ് ക തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകാൻ എത്ര ഒഴിവുകൾ നിലവിലുണ്ട്; വി. ഇ.ഒ ഗ്രേഡ് ക ലേക്കുള്ള പ്രമോഷൻ എന്നത്തേക്ക് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) 2010 ഡിസംബർ മാസം വരെ നിയമിതരായ വി. ഇ.ഒ ഗ്രേഡ് കക ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്നത്തേക്ക് കുറ്റമറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകളിലെ ഡ്രൈവർമാർക്ക് ടി.എ.

3257 ശ്രീമതി. പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളിലെ ഡ്രൈവർമാർക്ക് ടി.എ. ആനുകൂല്യം ലഭ്യമാക്കിയിരുന്നോ; എങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ജില്ലാ പഞ്ചായത്തുകളിൽ പ്രസ്തുത തസ്തികയിൽ ജോലി നോക്കുന്നവർക്ക് ടി.എ. ആനുകൂല്യം ലഭ്യമാക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥിരം/താൽക്കാലികം അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ഡ്രൈവർമാർക്ക് ടി.എ. ആനുകൂല്യം ലഭ്യമാക്കാൻ കഴിയുമെങ്കിൽ ആയതിന്റെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>നബാരഡിന്റെ പദ്ധതി</u>

3258 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പെട്ടി കലുങ്കുകൾ, പാടശേഖരങ്ങളിലെ സംരക്ഷണഭിത്തിനിർമ്മാണം തുടങ്ങി എന്തെല്ലാം പദ്ധതികൾക്കു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾക്കു സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ പദ്ധതി

3259 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിനു കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി തവണ ടെൻഡർ വിളിച്ചതിനുശേഷവും പണികൾ കരാറുകാരെ ഏൽപ്പിച്ചുകൊടുക്കുവാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡു നിര്‍മ്മാണം

3260 ശ്രീ. ജോസഫ് വാഴക്കന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വി. ഡി. സതീശന്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എം.ജി.എസ്.വൈ.യില്‍ സംസ്ഥാനത്തിനനുവദിച്ച റോഡുനിര്‍മ്മാണം തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എത്ര കിലോമീറ്റര്‍ റോഡാണ് അനുവദിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പദ്ധതി റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി റിപ്പോര്‍ട്ട് എന്നാണ് കേന്ദ്രസര്‍ക്കാരിനു സമര്‍പ്പിക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>നെടുമങ്ങാട് ബ്ലോക്കിൽ നിർമ്മാണം ആരംഭിച്ച റോഡുകൾ</u>

3261 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ ഫെയ്സ് 4 -ൽ ഉൾപ്പെടുത്തി 2004ൽ നെടുമങ്ങാട് ബ്ലോക്കിൽ നിർമ്മാണം ആരംഭിച്ച റോഡുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

(സി) റോഡ് നിർമ്മാണം എന്ന് ആരംഭിച്ചു;

(ഡി) പ്രസ്തുത പ്രവൃത്തി ഇതുവരെയും പൂർത്തിയാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഇതിനായി ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ റോഡുകൾ</u>

3262 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ യുടെ എട്ടാം ഘട്ടത്തിലെ പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് റോഡിന്റെ പേര് സഹിതം വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ പ്രോജക്ട് റിപ്പോർട്ടുകൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ റോഡുകൾ

3263 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ടെൻഡർ എക്സസ് കാരണം പണി ആരംഭിക്കാത്ത രണ്ട് പി.എം.ജി.എസ്.വൈ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പി.എം.ജി.എസ്.വൈ എട്ടാംഘട്ടത്തിൽ നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ റോഡുകൾ അംഗീകരിച്ചു വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

കുട്ടനാട്ടിലെ പി.എം.ജി.എസ്.വൈ. റോഡുകൾ

3264 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. ഫെയ്സ് 8 –ൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിന്നും സമർപ്പിച്ച റോഡുകൾ അംഗീകാരത്തിനായി എൻ.ആർ.ആർ.ഡി.എയ്ക്ക് സമർപ്പിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഫെയ്സ് 8–ൽ ഉൾപ്പെട്ട എസ്.എൽ.സി.യുടെ അംഗീകാരത്തിന് സമർപ്പിച്ച മുൻഗണനാപട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളിൽ
പി.എം.ജി.എസ്.വൈ. റോഡുകൾ

3265 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളാണ് നിലവിലുള്ളത് ; വിശദാംശം നൽകുമോ ;

(ബി) നെന്മാറ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണ് ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്.വൈ പ്രകാരം അനുവദിച്ച തസ്തികകൾ

3266 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജില്ലാതല പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിൽ അനുവദിച്ച തസ്തികകൾ എത്ര വീതമെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ വീതം നിയമിച്ചിട്ടുണ്ടെന്നും അവരുടെ പ്രതിമാസ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയും വ്യക്തമാക്കുമോ;

(സി) ഇവർക്ക് നൽകുന്ന ശമ്പളവും അനുകൂല്യങ്ങളും സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി, മറ്റു വകുപ്പുകൾ എന്നിവയിലെ സമാന തസ്തികളിലേതിനേക്കാൾ കുറവാണോ എന്നും എങ്കിൽ ഇവരുടെ ശമ്പളവും ആനുകൂല്യങ്ങളും അവരുടേതിന് തുല്യമായെങ്കിലും ഉയർത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്ക്</u>
<u>അധികരിച്ച നിരക്ക്</u>

3267

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എം.ജി.എസ്.വൈ. ഫെയ്സ് 7 ല്‍ ഉള്‍പ്പെട്ടതും റീടെന്‍ഡര്‍ ചെയ്തിട്ടും കരാറുകള്‍ ഏറ്റെടുക്കാത്തതുമായ കുട്ടനാട്ടിലെ റോഡ് നിര്‍മ്മാണ പ്രവൃത്തികള്‍ക്ക് 60% എങ്കിലും അധികരിച്ച നിരക്ക് അനുവദിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(ബി) കുട്ടനാട്ടിലെ ടെന്‍ഡര്‍ പിടിച്ച ഈര-വാലടി റോഡിന് ലാന്റ് അക്വിസിഷനുള്ള ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>പൊൻകണ്ടം -കടപ്പാറ റോഡിന്റെ നിർമ്മാണപ്രവർത്തനം</u>

3268 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പി.എം.ജി.എസ് വൈ യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊൻകണ്ടം-കടപ്പാറ റോഡിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുപണി പൂർത്തിയാക്കാത്തതിനാൽ പൊതുജനങ്ങൾക്ക് വളരെയേറെ കഷ്ടതകൾ അനുഭവപ്പെടുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡുപണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് നിട്ടൂര്‍ – മലയാടപ്പൊയില്‍ റോഡു നിര്‍മ്മാണം</u>

3269 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് തൂണേരി ബ്ലോക്കില്‍പ്പെട്ട നിട്ടൂര്‍ – മലയാടപ്പൊയില്‍ പി.എം.ജി.എസ്.വൈ റോഡ് നിര്‍മ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) റോഡ് നിര്‍മ്മാണം ടെന്‍ഡര്‍ എടുത്ത കരാറുകാരന്‍ ആരായിരുന്നുവെന്നും ടിയാന്‍ എന്തൊക്കെ ജോലികളാണ് കരാര്‍ പ്രകാരം പൂര്‍ത്തീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറുകാരന്‍ നടത്തിയ പ്രവൃത്തികളില്‍ ഇപ്പോഴും അവശേഷിക്കുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡിന്റെ ബാക്കി പ്രവൃത്തികള്‍ തുടര്‍ന്ന് നടത്തുവാന്‍ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) കരാറുകാരന്‍ നടത്തിയ പ്രവൃത്തികള്‍ വീണ്ടും ചെയ്യേണ്ടി വന്നാല്‍ പ്രസ്തുത പ്രവൃത്തികള്‍ക്കുള്ള ഫണ്ട് അനുവദിച്ചു നല്‍കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി</u>

3270 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തനപരിധിയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനപരിധിയിൽ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസിക്ക് ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഏജൻസിയുടെ കീഴിൽ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര തുകയാണ് പ്രസ്തുത പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുള്ളതെന്നും പഞ്ചായത്ത്, നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന
നെല്ലിയാമ്പതിയിൽ നടപ്പാക്കുന്ന പദ്ധതികൾ

3271 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന നെല്ലായാമ്പതി പഞ്ചായത്തിൽ എതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏറ്റെടുത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിൽ നെൽ കൃഷി ഉൾപ്പെടുത്തുന്നതിനു നടപടി</u>

3272 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പുതുതായി ഏതൊക്കെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ നെൽകൃഷി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നെൽകൃഷി കൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ തൊഴിലുറപ്പ് പദ്ധതികൾ</u>

3273 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാലക്കാട് ജില്ലയിൽ എത്ര തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തൊഴിലാളികൾ 100 ദിവസം ജോലി ചെയ്തിട്ടുണ്ട്;

(സി) നിലവിൽ എല്ലാമാസവും വേതനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ മാസംതോറും വേതനം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾക്കുള്ള വേതന കുടിശ്ശിക

3274 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ ബ്ലോക്കുപഞ്ചായത്തുകളിലായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2013 ജനുവരി 31 വരെ തൊഴിൽ ചെയ്തവർക്ക് എത്ര മാസത്തെ വേതനമാണ് നൽകാനുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക എത്ര കാലത്തിനുള്ളിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) വേതനം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

## തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ കൂലികുടിശ്ശിക

3275 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എത്ര മാസത്തെ കൂലി കുടിശ്ശികയുണ്ട് ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ തൊഴിലാളികളുടെ എത്ര മാസത്തെ കൂലി കുടിശ്ശികയുണ്ട് ; ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക എന്ന് കൊടുത്ത് തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് യൂണിഫോം</u>

3276

ശ്രീ. വി. റ്റി. ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ചില പഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് യൂണിഫോം ഏർപ്പെടുത്താൻ നീക്കം നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ യൂണിഫോം ഏർപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും യൂണിഫോം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ജോയിന്റ് പ്രോഗ്രാം ഓഫീസർമാർ

3277 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നേർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിലെ എത്ര ജില്ലകളിൽ ജില്ലാ ജോയിന്റ് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) ബാക്കി ജില്ലകളിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ എന്തെല്ലാം ; ഇത്തരം തടസ്സങ്ങൾ നീക്കി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

എം. ജി. എൻ. ആർ. ഇ. ജി. എ. പദ്ധതിയിലെ വരുന്ന അക്രഡിറ്റഡ് എൻജിനീയർമാർ

3278 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. ജി. എൻ. ആർ.ഇ. ജി.എ പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന അക്രഡിറ്റഡ് എൻജിനീയർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇവരുടെ വേതനം വർദ്ധിപ്പിച്ചു നൽകുമോയെന്നും വ്യക്തമാക്കുമോ;

(സി) സ്ത്രീകളായ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ പ്രസവാവധി അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

തൊഴിൽ ദാന പദ്ധതിപ്രകാരമുള്ള വായ്പ

3279 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതിയിൽ (പി.എം.ഇ.ജി.പി) തൊഴിൽ സംരംഭകർക്ക് ലഭ്യമാക്കേണ്ട വായ്പകൾ ബാങ്കുകളുടെ നിസ്സഹരണം മൂലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വായ്പകൾ യഥാസമയം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വീടില്ലാത്ത കുടുംബങ്ങൾ</u>

3280 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് മൊത്തം എത്ര വീടുകൾ ഉണ്ട് എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് എത്രയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും വീട് ഇല്ലാത്ത കുടുംബങ്ങൾ എത്രയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വീടുകൾ ഇല്ലാത്ത ജനവിഭാഗങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽ ഉള്ളവർക്കാണ് വീടുകൾ ഇല്ലാത്തത് എന്ന് തരം തിരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

ഐ. എ. വൈ. പദ്ധതി പ്രകാരം പണി പൂർത്തീകരിക്കാനുള്ള വീടുകൾ

3281 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം 2011–2012 വർഷത്തിൽ എത്ര വീടുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2011–2012 വർഷത്തിൽ വീട് നിർമ്മാണത്തിനുള്ള യൂണിറ്റ് കോസ്റ്റ്, സംസ്ഥാന സർക്കാർ 2 ലക്ഷവും 2 1/2 ലക്ഷവും ആയി വർദ്ധിപ്പിച്ചതിനനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്താത്തതിനാൽ വീട് നിർമ്മാണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര വീടുകളുടെ നിർമ്മാണമാണ് തടസ്സപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഐ.എ.വൈ.പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം</u>

3282 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ.പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മാറ്റിവെയ്ക്കുവാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. ക്വാട്ട പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**18.02.2013–ലെ മറുപടിക്ക്**

<u>ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതി വിഹിതം</u>

3283 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ ഫെബ്രുവരി വരെ കേരളത്തിലെ ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതിവിഹിതം എത്ര ശതമാനം വിനിയോഗിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലയിലാണ് ചെലവിട്ടത് എന്ന് പ്രത്യേകമായി ശതമാനക്കണക്ക് വിശദമാക്കുമോ;

(സി) ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക മേഖലയ്ക്കായി നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവിട്ടത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പാ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പലിശ

3284 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പലിശ എഴുതിത്തള്ളുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പലിശ എഴുതിത്തള്ളുവാൻ സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ബി.പി.എൽ പട്ടികയിലെ അപാകതകൾ കാരണം നിരവധിപേർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിക്കപ്പെടുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അർഹരായവർക്ക് പൂർണ്ണമായും ലഭിക്കത്തക്കവിധം, സാധാരണക്കാരായ നിശ്ചിത വരുമാനപരിധിയിൽപ്പെട്ടവരുടെയും കൂടി വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ നടപടി</u>

3285 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ ക്ഷീര കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ക്ഷീര കർഷകരെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ എന്തൊക്കെ സമ്മർദ്ദങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ക്ഷീര കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാലുല്പാദനം</u>

3286 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. നാരായണൻ
,, കെ. ദാസൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കുറവും കടുത്ത വേനലുംമൂലം സംസ്ഥാനത്തെ പാലുല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ; ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ബി) പാലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രതികൂല സാഹചര്യങ്ങളിലും പാലുല്പാദനം നടത്തുന്ന ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി പ്രോത്സാഹിപ്പിക്കാനും ഇതുവഴി പാലുല്പാദനം വർദ്ധിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ</u>

3287 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരകർഷകർക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

<u>ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ഓരോ മണ്ഡലത്തിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ</u>

3288 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന പശുഗ്രാമം പദ്ധതിപോലുള്ള ഏതെല്ലാം പുതിയ പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;ഈ സർക്കാർ അധികാരമേറ്റ ശേഷം പാൽ ഉൽപാദനംവർദ്ധിപ്പിക്കുവാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) ചേർത്തല താലൂക്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പാൽ ഉത്പാദനത്തിലുണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ; ഉത്പാദന വർദ്ധനവിലൂടെയും പാൽവില വർദ്ധനവിലൂടെയും ക്ഷീര കർഷകർക്ക് ലഭിച്ച വരുമാന വർദ്ധനവ് എത്രയാണ് വിശദമാക്കാമോ;

(സി) ക്ഷീര വികസനവുമായി ബന്ധപ്പെട്ട് ഓരോ മണ്ഡലത്തിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതികൾക്കുവേണ്ടി ഓരോ മണ്ഡലത്തിലും എത്ര തുക അനുവദിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വള്ളിക്കുന്നം കേന്ദ്രീകരിച്ച് ഡയറി എക്സ്റ്റൻഷൻ ഓഫീസ്</u>

3289 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ ഏതൊക്കെയാണ്; സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ സംഘങ്ങൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ക്ഷീരകർഷക ക്ഷേമനിധി</u>

3290 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകക്ഷേമനിധിയിൽ 2012 ഡിസംബർ വരെ അംഗങ്ങളായ കർഷകരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ക്ഷീരകർഷകക്ഷേമനിധി മുഖേന 2012 ഡിസംബർ വരെ പെൻഷൻ, കുടുംബപെൻഷൻ എന്നിവ ലഭിക്കുന്നവരുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) ക്ഷീരകർഷകക്ഷേമനിധിയിൽ 2012 വർഷത്തിൽ പെൻഷൻ, കുടുംബപെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാസഹായം, വിദ്യാഭ്യാസസഹായം എന്നീ സഹായങ്ങൾക്കായി അപേക്ഷ നൽകിയവരുടെ എണ്ണം, സഹായം അനുവദിച്ചവരുടെ എണ്ണം എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>മലയാള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

3291 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ കീഴിൽ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) മികച്ച പഠനകേന്ദ്രങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കേരള സാഹിത്യ അക്കാദമി ഭരണസമിതിയുടെ പ്രവര്‍ത്തനം</u>

3292 ശ്രീ. എം. എ. ബേബി
,, ബാബു എം. പാലിശ്ശേരി
,, പുരുഷന്‍ കടലുണ്ടി
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോര്‍ക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരള സാഹിത്യ അക്കാദമി ഭരണ സമിതിയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം ഭരണസമിതിയില്‍ പുന:സംഘടന ആവശ്യമായി വന്നതിന്റെ കാരണങ്ങള്‍ അറിയിക്കുമോ; എത്ര തവണ ഭരണസമിതി പുന:സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കുമോ;

(സി) അക്കാദമി ഭരണ സമിതിയില്‍ അംഗങ്ങളായിരുന്നവര്‍ വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ട് നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലന്‍സ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ നിലപാട് വ്യക്തമാക്കുമോ;

(ഡി) കേരള സാഹിത്യ അക്കാദമിയുടെ പ്രവര്‍ത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>സാഹിത്യ അക്കാഡമിയുടെ പ്രവർത്തനം</u>

3293 ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, പുരുഷൻ കടലുണ്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സാഹിത്യ അക്കാദമിയിൽ സർക്കാർ നിയോഗിച്ച നോമിനികളിൽ എത്രപേരെ പുറത്താക്കുകയുണ്ടായി;

(ബി) ഇതിനിടയായ സാഹചര്യം എന്തായിരുന്നു;

(സി) വകുപ്പിനെ തന്നെ തകർക്കുന്ന നിലയിലുള്ള നടപടികളെ സംബന്ധിച്ച് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിശ്വമലയാള സമ്മേളനം പരാജയപ്പെടാനിടയായ സാഹചര്യം ചൂണ്ടിക്കാട്ടിയതിന്റെ പേരിൽ അക്കാദമിയിൽനിന്നും ആരെയൊക്കെ പുറത്താക്കിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാറിന്റെ ടെലിവിഷൻ ചാനലും മീഡിയാ സിറ്റിയും</u>

3294 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന് നേരിട്ട് ടെലിവിഷൻ ചാനൽ തുടങ്ങാൻ നിയമതടസ്സമുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുളള സ്വകാര്യ ചാനലുകളിൽ ഏതിലെങ്കിലും സർക്കാർ സാമ്പത്തികപങ്കാളിത്തം നടത്തി ചാനലിൽ പങ്കാളികളാകാൻ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കൊച്ചി കേന്ദ്രമാക്കി മീഡിയ സിറ്റി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മീഡിയ സിറ്റിയുടെ പ്രവർത്തന ഉദ്ദേശങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>കൊച്ചി – മുസ്സിരീസ് ബിനാലെയ്ക്കുള്ള സർക്കാർ സഹായം</u>

3295 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി–മുസ്സരീസ് ബിനാലെ സർക്കാർ സഹായം അർഹിക്കുന്നുവെന്ന് സാംസ്കാരികവകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലോകത്തിനുമുന്നിൽ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയൊരു വഴി തുറക്കുകയാണ് ബിനാലെയിലൂടെ കലാകാരന്മാർ ചെയ്യുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) ബിനാലെയ്ക്ക് എന്തെങ്കിലും സഹായം ഈ സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് ബിനാലെയ്ക്ക് ധനസഹായം നൽകേണ്ടതില്ലെന്ന് സാംസ്കാരിക വകുപ്പ് തീരുമാനിച്ചത്; വ്യക്തമാക്കുമോ;

(ഇ) ബിനാലെ സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചുവോ; ആയതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

കൊച്ചിന്‍ – മുസിരിസ് ബിനാലെക്കെതിരെ
വിജിലന്‍സ് അന്വേഷണം

3296 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാര്‍ശ അനുസരിച്ച് കൊച്ചിന്‍ – മുസിരിസ് ബിനാലെക്കെതിരെ വിജിലന്‍സ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) കൊച്ചിന്‍ – മുസിരിസ് ബിനാലെക്ക് പുതിയതായി എന്തെങ്കിലും സാമ്പത്തികസഹായം നല്‍കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ പ്രവർത്തനം</u>

3297

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; പ്രസ്തുത ജീവനക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മ്യൂസിയത്തിന്റെയും ജീവനക്കാരുടെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) കഥകളി പരിജ്ഞാനമുള്ളതോ പരിശീലനം ലഭ്യമായിട്ടുള്ളതോ ആയ ജീവനക്കാരെ കൂടി മ്യൂസിയത്തിൽ നിയമിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ചാലക്കുടിയിൽ ട്രാംവേ പൈതൃക മ്യൂസിയം

3298 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കേന്ദ്രമാക്കി റെയിൽവേ ട്രാംവേയെക്കുറിച്ച് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

ഭരത് മുരളി സ്മാരകം & നാടക പരിശീനലന കേന്ദ്രം

3299 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിയം ഗ്രാമപഞ്ചായത്തിൽ കുടവട്ടൂരിൽ നിർമ്മിക്കുന്ന 'ഭരത് മുരളി സ്മാരകം & നാടക പരിശീലന കേന്ദ്രം' എന്ന പദ്ധതിയുടെ ആകെ അടങ്കൾ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ വിശദമാക്കുമോ; ആയതിന് എന്തുതുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിലവിൽ നിർമ്മാണം പൂർത്തീകരിച്ച മന്ദിരം ഉദ്ഘാടനത്തിന് സജ്ജമാണെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) വിഭാവനം ചെയ്യപ്പെട്ട പ്രകാരമുള്ള ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>കമലാ സുരയ്യ സാംസ്കാരിക സമുച്ചയം</u>

3300 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമിക്ക് കമലാ സുരയ്യ ദാനം ചെയ്ത ഭൂമിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശിലാസ്ഥാപനം നടത്തിയ കമലാ സുരയ്യ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണപുരോഗതി വിശദീകരിക്കാമോ;

(ബി) മലയാള ഭാഷയേയും സാഹിത്യത്തേയും ലോകശ്രദ്ധയിൽ കൊണ്ടുവന്ന കമലാ സുരയ്യയെ സ്മരിക്കുന്നതിന് മറ്റെന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ഡോ. സുകുമാർ അഴീക്കോടിന്റെ ഭവനം സ്മാരകമായി സംരക്ഷിക്കാൻ നടപടി</u>

3301 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ. സുകുമാർ അഴീക്കോടിന്റെ തൃശ്ശൂരിനടുത്ത് പൂത്തുരിലുള്ള വീടും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിന് അലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചുവോ; നടപടിക്രമങ്ങൾ ഏതുവരെയായെന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ലക്കടി കുഞ്ചൻ നമ്പ്യാർ സ്മാരകം

3302 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്കടി കുഞ്ചൻനമ്പ്യാർ സ്മാരകത്തിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നുത്; പ്രസ്തുത കോഴ്സുകൾ എന്നാണ് ആരംഭിച്ചത് ; ഇപ്പോൾ ഓരോ കോഴ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നു;

(ബി) കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; 01.07.2006 മുതൽ 31.12.2012 വരെയുള്ള കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്ത് തുക വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ചു; ഓരോ ഇനത്തിലും എന്ത് തുക അനുവദിച്ചു എന്നും, എന്തൊക്കെ കാര്യങ്ങൾക്ക് പ്രസ്തുത തുക ചെലവഴിച്ചതെന്നും വിശദീകരിക്കാമോ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

എൻ. എൻ. കക്കാടിന് സ്മാരകം

3303 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രശസ്ത ഗ്രന്ഥകാരനും കവിയുമായിരുന്ന എൻ. എൻ. കക്കാടിന് ജന്മനാട്ടിൽ ഒരു സ്മാരകം പണിയുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്താൻ നടപടി</u>

3304

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ 2012 മാർച്ചിലെ നിയമസഭാസമ്മേളനത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മാപ്പിളകലാ അക്കാഡമിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ അക്കാഡമിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സാംസ്കാരിക വകുപ്പിന്റെ ജി.ഒ.(ആർ.റ്റി) നം.574/2012/സി.എ.ഡി. തീയതി 6.12.2012 ഉത്തരവ് പ്രകാരം ഇരുപത് ലക്ഷം രൂപ അക്കാഡമിയുടെ പ്രാരംഭപ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

<u>മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി</u>

3305 ശ്രീ. എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാദമിയായി കൺവെർട്ട് ചെയ്തു പ്രഖ്യാപനമുണ്ടായെങ്കിലും വാർഷികഗ്രാന്റായി നോൺ-പ്ലാൻ ഇനത്തിൽപ്പെടുത്തി ഒരുലക്ഷം രൂപ മാത്രമാണ് ലഭിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം നിത്യച്ചെലവുകൾക്കു നേരിടുന്ന ബുദ്ധിമുട്ടുകൾ വിവരിച്ചുകൊണ്ടും, ഗ്രാന്റ് അമ്പതുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) വാർഷികഗ്രാന്റ് അമ്പതുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ചരിത്ര സ്മാരകങ്ങളും പുരാതന ക്ഷേത്രങ്ങളും കാവുകളും മസ്ജിദുകളും സംരക്ഷിക്കുന്നതിന് പദ്ധതി

3306 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്രസ്മാരകങ്ങളും പുരാതനക്ഷേത്രങ്ങളും കാവുകളും മസ്ജിദുകളും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജകണ്ഡലത്തിലെ ചരിത്ര സ്മാരകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

പോത്തൻകോട് ശാന്തിഗിരിയിൽ കൺവെൻഷൻ സെന്റർ

3307

ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പോത്തൻകോട് ശാന്തിഗിരിയിൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ എത്ര രൂപയാണ് നീക്കിവച്ചിരുന്നത്;

(ബി) സെന്ററിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കുഴൂർ നാരായണമാരാരുടെ പേരിൽ സ്മാരകവും അവാർഡും</u>

3308 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മരണ നില നിർത്തുന്നതിനായി പഞ്ചവാദ്യ കലാകാരൻമാർക്ക് അവാർഡ് ഏർപ്പെടുത്തണമെന്ന അപേക്ഷയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ സ്മാരകം പണികഴിപ്പിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സാംസ്കാരിക വകുപ്പിനു കീഴിൽ നൽകിവരുന്ന പെൻഷനുകൾ</u>

3309 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനു കീഴിൽ നൽകിവരുന്ന പെൻഷനുകൾ ഏതൊക്കെയാണ്; ഇവ ലഭിക്കുന്നത് ഏത് വിഭാഗത്തിൽപ്പെട്ടവർക്കാണ്;

(ബി) പെൻഷൻ ലഭിക്കുന്നതിനാവശ്യമായ യോഗ്യതകളും മാനദണ്ഡങ്ങളും എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>അവശതയനുഭവിക്കുന്ന കലാകാരൻമാർക്ക് പെൻഷൻ</u>

3310 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുമെന്നും, അത് 2012 – ഏപ്രിൽ മുതൽ ലഭ്യമാക്കുമെന്നും നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ കലാകാരപെൻഷനായി എത്ര രൂപയാണ് നൽകിവരുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ എന്നു മുതലാണ് വർദ്ധിപ്പിച്ച പെൻഷൻ നൽകിതുടങ്ങിയത്; ഇതുവരെ എത്ര പേർക്ക് പെൻഷൻ നൽകുവാൻ സാധിച്ചു; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കലാകാര പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി</u>

3311 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശതയനുഭവിക്കുന്ന കലാകാരൻമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ; വ്യക്തമാക്കാമോ ;

(ബി) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) നിലവിൽ കലാകാരപെൻഷൻ പ്രതിമാസം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2012– ഏപ്രിൽ മുതൽ കലാകാര പെൻഷൻ വർദ്ധിപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; ഇക്കാര്യത്തിൽ എന്തു തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്രസർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപയാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(എഫ്) കേന്ദ്രസർക്കാരിന്റെ കലാകാരപെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കേരള കലാമണ്ഡലത്തിലെ അദ്ധ്യാപക ഒഴിവുകൾ</u>

3312 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിൽ കഥകളിവേഷം, ചെണ്ട, മദ്ദളം തുടങ്ങിയ അദ്ധ്യാപകതസ്തികകളിലേക്ക് അവസാനമായി അപേക്ഷ ക്ഷണിച്ചതെപ്പോഴാണ്;

(ബി) പ്രസ്തുത വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് പരീക്ഷ നടത്തുകയോ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്ര കാലതാമസമുണ്ടായതെന്നും പ്രസ്തുത അപേക്ഷകൾ പ്രകാരം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുവാൻ എന്തുനടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ കഥകളി വേഷം, ചെണ്ട, മദ്ദളം അദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകളാണുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിശദാംശം

3313 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സാഹിത്യ അക്കാദമിഎത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പുസ്തകങ്ങളുടെയും ഗ്രന്ഥകർത്താക്കളുടെയും പേരുകൾ വിശദമാക്കുമോ;

(സി) പ്രസിദ്ധീകരണത്തിന് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>സർക്കാർ പരിപാടികളുടെ വാർത്താവിതരണ ചുമതല</u>

3314 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരിപാടികളുടെ വാർത്താവിതരണ ചുമതല സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് എന്ന് മുതലാണെന്നും ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏതെല്ലാം സർക്കാർ പരിപാടികളുടെ വാർത്താവിതരണച്ചുമതല സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടെന്നും അവർക്ക് നിശ്ചയിച്ച് നൽകിയ പ്രതിഫലമുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സർക്കാരിന്റെ കീഴിലുള്ള വകുപ്പിനെ ഏൽപ്പിക്കുന്നതിനുപകരം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) സർക്കാർ പരിപാടികളുടെ വാർത്താപ്രചാരണ ചുമതലകൾ നിർവ്വഹിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോ ജീവക്കാർക്കോ പ്രാപ്തിയില്ലെന്ന കാരണത്താലാണോ ഇപ്രകാരം സ്വകാര്യ ഏജൻസികളെ ഈ ചുമതലകൾ ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ സ്ഥാപനമായ ഐ.& പി.ആർ. വകുപ്പിനെ കാര്യക്ഷമമാക്കാനും സർക്കാർ പരിപാടികൾ ഈ വകുപ്പിനെമാത്രം ചുമതലപ്പെടുത്തി ഉത്തരവാദിത്വങ്ങൾ നിർവ്വഹിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പ്രചാരണത്തിനുള്ള ചെലവ്</u>

T 3315 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് ശ്രവ്യ, ദൃശ്യ, അച്ചടി മാധ്യമങ്ങളിലൂടെ നടത്തിയ പ്രചരണത്തിന് എന്ത് തുക ചെലവായെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയെ കുറിച്ച് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ലഘുലേഖകൾ, ചെറുപുസ്തകങ്ങൾ, മറ്റ് പ്രചരണ മാർഗ്ഗങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഓരോന്നിന്റെയും ചെലവ് എത്ര രൂപയായിരുന്നെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ ഒഴിവുകൾ</u>

3316 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഈ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവിധ തസ്തികകളിലായി എത്രപേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; തസ്തികതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഇൻഫർമേഷൻ അസിസ്റ്റന്റ് എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ബ്ലോക്കുകളിൽ ഈ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഈ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ ഇതിനകം സൃഷ്ടിച്ചു; എത്രപേരെ നിയമിച്ചു;

(ഡി) സുതാര്യ കേരളം കോർഡിനേറ്റർമാരായി ജില്ലകളിൽ പത്രപ്രവർത്തനത്തിൽ ബിരുദം/ഡിപ്ലോമ/പരിചയം ഉള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ നിയമന രീതി, ജോലിയുടെ സ്വഭാവം, ശമ്പളം എന്നിവ വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അക്രഡിറ്റേഷൻ കാർഡുള്ള പത്ര പ്രവർത്തകരുടെ എണ്ണം</u>

3317 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്രഡിറ്റേഷൻ കാർഡുള്ള പത്ര പ്രവർത്തകരുടെ എണ്ണം എത്രയാണ്;

(ബി) അക്രഡിറ്റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) അക്രഡിറ്റേഷൻ കാർഡിനു പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രമാസം മുമ്പുവരെ ലഭിച്ച അപേക്ഷകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ; ഈ അപേക്ഷകളിന്മേൽ എപ്പോൾ തീരുമാനമുണ്ടാകും എന്ന് വ്യക്തമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ നിന്നുള്ള ശ്രീ. ടി.എ. ഷാഫി എന്ന പത്ര പ്രവർത്തകൻ അക്രഡിറ്റേഷൻ കാർഡിനു അപേക്ഷിച്ചിട്ടുണ്ടോ; ഈ അപേക്ഷകനു കാർഡ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പ്രദേശിക മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമനിധി</u>

3318 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രദേശിക മാധ്യമ പ്രവർത്തകൾക്കുള്ള ക്ഷേമനിധി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുമോ;

(ബി) പ്രദേശിക ചാനലുകൾ പ്രവർത്തിപ്പിക്കുന്നതിന് കേബിളുകൾ വലിക്കുവാൻ പോസ്റ്റ് വാടകയായി വാങ്ങിയിരുന്ന തുക ഏതാണ്ട് അൻപത് ഇരട്ടിയായി വർദ്ധിപ്പിച്ചത് മാധ്യമപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ അറിയുവാനുള്ള അവകാശത്തിനേരെയുള്ള കടന്നുകയറ്റമായി കണ്ട് ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കുവാനും മാധ്യമപ്രവർത്തകരെ സഹായിക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റിൽ പുന:സംഘടന</u>

3319 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നേർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി- ഡിറ്റിൽ പുന:സംഘടന എന്നുമുതൽക്കാണ് നടപ്പാക്കിയത്;

(ബി) ആയതിനുശേഷം ലഭിച്ചിട്ടുള്ള പുതിയ പദ്ധതികളും അവയുടെ തുകയും പുന:സംഘടനയ്ക്കു മുമ്പുള്ള അവസാന സാമ്പത്തിക വർഷം ഓരോ ടീമിനും ലഭിച്ച പദ്ധതിയും അവയുടെ തുകയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

സി-ഡിറ്റിലെ നിയമനങ്ങൾ

3320 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സി-ഡിറ്റിലെ നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന നിബന്ധന നിലവിലുണ്ടോ;

(സി) പ്രസ്തുതനിബന്ധനയ്ക്കു വിരുദ്ധമായി സി-ഡിറ്റിൽ നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റിൽ നടത്തിയ സ്ഥിരനിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത നിയമനങ്ങൾക്കെല്ലാം സർക്കാരിന്റെ മുൻകൂർ അനുവാദം ഉണ്ടായിരുന്നുവോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സി. ഡിറ്റിൽ ജീവനക്കാരുടെ പ്രമോഷൻ</u>

3321 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നേർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റിൽ ടെക്നിക്കൽ അഡ്മിനിസ്ട്രേഷൻ സയന്റിസ്റ്റ് എന്ന വിഭാഗത്തിലെ ജീവനക്കാർക്കുള്ള പ്രൊമോഷൻ മുടങ്ങികിടക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ കാരണവും വിശദമാക്കുമോ ;

(സി) ഏതെങ്കിലും ഒരു വ്യക്തിക്കു മാത്രമായി 2013-ൽ പ്രസ്തുത വിഭാഗത്തിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സി. ഡിയ്ക്ക് കരാര്‍ ജീവനക്കാര്‍</u>

3322 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരാര്‍ വ്യവസ്ഥയില്‍ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോള്‍ അവധിയെടുത്ത് വിദേശത്തുപോയ ജീവനക്കാരില്‍ ആരെങ്കിലും സി. ഡിറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡി തീരുമാനമെടുത്ത് സ്ഥിരപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റിൽ കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ്</u>

3323 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നേർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി- ഡിറ്റിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരവെ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്ത ജീവനക്കാർക്ക് പ്രസ്തുത കാലയളവിൽ സി. ഡിറ്റിൽ വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഏതു വ്യവസ്ഥ പ്രകാരമാണെന്നും ആർക്കൊക്കെയാണ് നൽകിയതെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>പ്രവാസി ഭാരതീയ ദിവസ് പരിപാടി</u>

3324 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കെ. വി. അബ്ദുൾ ഖാദർ
'' എസ്. ശർമ്മ
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ആദ്യമായി ആതിഥ്യമരുളിയ പ്രവാസി ഭാരതീയ ദിവസ് പരിപാടി, സാധാരണക്കാരായ പ്രവാസികൾക്ക് ആശ്വാസമാകുന്ന എന്തെല്ലാം തീരുമാനങ്ങളും പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്; അറിയിക്കുമോ;

(ബി) പ്രവാസികൾ നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന എന്തെല്ലാം ആവശ്യങ്ങളിന്മേൽ പ്രവാസി ഭാരതീയ ദിവസ് ൽ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട് വിശദമാക്കാമോ;

(സി) കേരളത്തിൽ നോർക്കയുടെ കൂടെ സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട പ്രവാസി ഭാരതീയ ദിവസ് പരിപാടിയിൽ പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും പങ്കെടുപ്പിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ സ്വീകരിച്ച നയമെന്തായിരുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം</u>

3325 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസികൾ അനുഭവിക്കുന്ന വിഭിന്നങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനങ്ങളിൽ കണ്ടെത്തിയ വസ്തുതകൾ, നിർദ്ദേശങ്ങൾ എന്നിവ വിശദീകരിക്കാമോ;

(ബി) പ്രവാസികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായി പഠിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള കുടിയേറ്റ നിയമത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യം പഠിച്ച് ആവശ്യമായ ഭേദഗതികളും പരിഷ്കാരങ്ങളും വരുത്തുന്നതിനായി കേന്ദ്രതലത്തിൽ ഇടപെടുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഒരു സർവ്വകക്ഷി സംഘത്തെ നിശ്ചയിക്കുമോ;

(ഡി) പ്രവാസികൾക്ക് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കൃത്യമായി അർഹതപ്പെട്ടവർക്ക് ലഭ്യമാവുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് മോണിറ്റർ ചെയ്യാൻ ഫലപ്രദമായ സംവിധാനം നടപ്പിലാക്കുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഗൾഫ് മലയാളി പുനരധിവാസ പാക്കേജ്</u>

3326

ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, കെ. വി. അബ്ദുൾഖാദർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികളുടെയും സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടെ ഒരു ഗൾഫ് മലയാളി പുനരധിവാസ പാക്കേജ് നടപ്പിലാക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലുണ്ടോ;

(ബി) മുൻ സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുനരധിവാസ പാക്കേജ് അംഗീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) പ്രവാസി ഭാരതീയ ദിവസ് കേരളത്തിൽ വച്ച് നടന്നപ്പോൾ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതി</u>

3327 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മടങ്ങിയെത്തിയിട്ടുള്ള പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി ഈ സർക്കാർ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അടൂർ മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എത്ര പേർ ഗുണഭോക്താക്കളായിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>യു.എ.ഇ യിലെ അനധികൃത താമസക്കാർക്ക് പ്രഖ്യാപിക്കപ്പെട്ട പൊതുമാപ്പ്</u>

3328 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

യു.എ.ഇ യിലെ അനധികൃത താമസക്കാർക്ക് വളരെ ദുർഭലമായി മാത്രം ലഭിക്കുന്ന പൊതുമാപ്പിന്റെ ആനുകൂല്യം മുൻകാലങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്താത്തതിന്റെ പ്രാധാന്യം മുൻനിർത്തി യു.എ.ഇ യിലെ ഇന്ത്യൻ എംബസിയിൽ നിന്നും പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ച് അവിടത്തെ മലയാളി സംഘടനകളുമായി ചേർന്ന് ഫലപ്രദമായ എന്തു പ്രവർത്തനമാണ് കാഴ്ചവയ്ക്കുവാൻ കഴിഞ്ഞത്?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പ്രവാസികൾക്കായി ഹെറിറ്റേജ് വില്ലേജ്</u>

3329 ശ്രീ. വി.റ്റി. ബൽറാം
'' അൻവർ സാദത്ത്
'' എ.റ്റി. ജോർജ്
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി ഹെറിറ്റേജ് വില്ലേജ് സ്ഥാപനിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതി</u>

3330 ശ്രീ. പി. എ. മാധവൻ
'' വി. പി. സജീന്ദ്രൻ
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിദേശത്തു നിന്നും മടങ്ങി എത്തുന്ന പ്രവാസികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിന് എന്തല്ലൊം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഈ കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

**<u>മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക്<br>എൻ.കെ.ആർ.ഇൻഷ്വറൻസ് കാർഡ്</u>**

3331

ശ്രീ. ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക് എൻ.കെ.ആർ. ഇൻഷ്വറൻസ് കാർഡ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കാർഡുടമയ്ക്ക് എന്തെല്ലാം ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ ശിക്ഷ അനുഭവിക്കുന്നവർ</u>

3332 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും വിദേശത്തു പോയവരും വിവിധ കേസുകളിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നവരിൽ വിചാരണ നേരിടുന്നവർ എത്ര; ശിക്ഷിക്കപ്പെട്ടവർ എത്ര വിശദമാക്കുമോ;

(ബി) കേവലം കുറ്റം ആരോപിക്കപ്പെട്ടവരും കള്ളകേസുകളിൽ പെട്ടവരുടെയും എണ്ണം എത്ര; ഇപ്രകാരം കേസിൽപെട്ടവരെയോ ശിക്ഷിക്കപ്പെട്ടവരെയോ കേന്ദ്ര സംസ്ഥാന മന്ത്രിമാർ സന്ദർശിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ</u>

3333 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മലയാളികളെ വിദേശ ജയിലുകളിൽ നിന്നും മോചിപ്പിക്കുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുണ്ട്; എങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വിവിധ ഗൾഫ് രാജ്യങ്ങളിൽ ജയിലുകളിൽ തടവിൽ കഴിയുന്ന മലയാളികളുടെ എണ്ണം

3334 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ ജയിലുകളിൽ തടവിൽ കഴിയുന്ന മലയാളികളുടെ കണക്ക് ലഭ്യമാണോ;

(ബി) ഇവരെ കേരളത്തിൽ തിരിച്ചുകൊണ്ടുവരാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കേസ്സുകളിൽപ്പെട്ട് കഴിയുന്ന പ്രവാസികൾക്ക്
നിയമ സഹായം</u>

3335 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ കേസ്സുകളിൽപ്പെട്ട് കഴിയുന്ന പ്രവാസികൾക്ക് നിയമസഹായം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് നിയമസഹായം നൽകാൻ ഉപദേശക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;
എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സമിതിയുടെ പ്രവർത്തനരീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്;

(ഡി) ഉപദേശക സമിതിയിൽ പ്രവാസി മലയാളി സംഘടനകളെ കൂടി ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

ഗള്‍ഫ് മലയാളികള്‍ക്ക് നിയമസഹായം

3336 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് രാജ്യങ്ങളില്‍ ജോലി ചെയ്യുന്ന പ്രവാസി മലയാളികള്‍ക്ക് നിയമസഹായം ഉറപ്പുവരുത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) നോര്‍ക്കയുടെ കീഴില്‍ നിയമസഹായ സമിതികള്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ ; ഇല്ലെങ്കില്‍ അതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>ഗൾഫ് രാജ്യങ്ങളിൽ ജയിലിലായവർക്ക് നിയമസഹായം</u>

3337 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ചെറിയകുറ്റങ്ങൾക്കുപോലും ജയിലിലായവരെ സഹായിക്കുവാൻ നിയമസഹായം നൽകുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) എംബസികളിലെ ജീവനക്കാരുടെ കുറവുപരിഹരിച്ച് മലയാള ഭാഷകൂടി സംസാരിക്കുന്നവരെ എംബസികളിൽ നിയമിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?